*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

157th Issue - Volume 4, No. 38 ജാഗ്രത 29th October 2010


Be content with what you have, for God has said, "Never will I leave you; never will I forsake you." So say with confidence, "The Lord is my helper; I will not be afraid."

Hebrews 13:5,6

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. THEODORE

## പ്രധാന വാർത്തകൾ

സൃഷ്ടിയുടെ കിരീടമായി മനുഷ്യൻ മാറുന്ന അവസ്ഥ ലോകത്തുണ്ടാകണം: മാർ ക്ലിമീസ് കാതോലിക്കാ ബാവ

---

വിശ്വാസം പ്രാവർത്തികമാക്കാനും ശ്രമിക്കണം:
ആർച്ച്ബിഷപ് ഡോ. സൂസപാക്യം

---

ദൈവവിളി പ്രോത്സാഹകർ ദൈവത്തിന്റെ സഹപ്രവർത്തകർ: മാർ ജോസഫ് പെരുന്തോട്ടം

---

പരിശുദ്ധ അമ്മയുടെ സന്ദേശം ഉൾക്കൊള്ളണം:
മാർ റാഫേൽ തട്ടിൽ

---

കത്തോലിക്കാ സഭയോടും വൈദികരോടുമുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കണം:
കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

## സൃഷ്ടിയുടെ കിരീടമായി മനുഷ്യൻ മാറുന്ന അവസ്ഥ ലോകത്തുണ്ടാകണം: മാർ ക്ലിമീസ് കാതോലിക്കാ ബാവ



സൃഷ്ടിയുടെ കിരീടമായി മനുഷ്യൻ വീണ്ടും മാറ്റപ്പെടുന്ന അവസ്ഥ ലോകത്തുണ്ടാകണമെന്ന് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. റോമിൽ നടക്കുന്ന മധ്യപൂർവേഷ്യൻ രാജ്യങ്ങളിലെ ബിഷപ്പുമാരുടെ സിനഡിൽ പ്രസംഗിക്കുകയായിരുന്നു കാതോലിക്കാബാവ. മധ്യ പൂർവേഷ്യൻ രാജ്യങ്ങളിലെ ക്രൈസ്തവ സാക്ഷ്യം ഇനിയും കൂടുതൽ വളരണം. അവിടെ പ്രവർത്തിക്കുന്ന സഹോദര ഓർത്തഡോക്സ് സഭയുമായുള്ള ബന്ധം ശക്തിപ്പെടുത്തണം. ഈ രാജ്യങ്ങളിലെ യഹൂദ മതവിശ്വാസികൾ, മുസ്ലിംകൾ, മറ്റു മതവിശ്വാസികൾ എന്നിവരുടെ അംഗീകാരം നേടിയെടുക്കാനും ശ്രമിക്കണമെന്ന് കാതോലിക്കാബാവ നിർദേശിച്ചു. സഭാത്മകമായ കൂട്ടായ്മ വളരുന്നത് സുവിശേഷവത്കരണത്തെ ശക്തിപ്പെടുത്തും. പൗരസ്ത്യ സഭകൾ അനന്യമായ ആരാധനാക്രമ പൈതൃകത്തിൽ പങ്കുചേരുന്നവരാണ് എന്നത് ഏറെ സന്തോഷം പകരുന്നു. ഈ പൈതൃകത്തിലുള്ള ആരാധനക്രമത്തിലൂടെയാണ് ദൈവിക രഹസ്യങ്ങളുടെ ആഘോഷം നടക്കുന്നത്. സുവിശേഷവത്കരണ പ്രവർത്തനങ്ങളിൽ കൂടുതൽ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നവരാണ് പൗരസ്ത്യ സഭകൾ. കണ്ടതും കേട്ടതും അനുഭവിച്ചതുമായ സുവിശേഷത്തെയും അതിന്റെ മൂല്യങ്ങളെയും പൂർണ ഹൃദയത്തോടെ സ്വീകരിക്കുകയും എല്ലാ അർഥത്തിലും കൈമാറുകയും ചെയ്യുന്നതിലൂടെ ഇന്നനുഭവിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാകുമെന്നും കാതോലിക്കാ ബാവ പറഞ്ഞു.

## വിശ്വാസം പ്രാവർത്തികമാക്കാനും ശ്രമിക്കണം: ആർച്ച്ബിഷപ് ഡോ. സൂസപാക്യം



വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനൊപ്പം അതു പ്രവൃത്തിയിലെത്തിക്കാനും ഏവരും ശ്രമിക്കണമെന്ന് കെആർഎൽസിസി അധ്യക്ഷൻ തിരുവനന്തപുരം ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യം. ക്രിസ്ത്യൻ സർവീസ് സൊസൈറ്റി ഇന്റർനാഷണലിന്റെ (സിഎസ്എസ്) 13-ാം സംസ്ഥാന സമ്മേളനം എറണാകുളം ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിഎസ്എസ് കേരളത്തിലെ അംഗീകരിക്കപ്പെട്ട ശക്തിയാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന കേന്ദ്ര കൃഷി സഹമന്ത്രി പ്രഫ.കെ.വി.തോമസ് പറഞ്ഞു. ഏതു മേഖലയിൽ നിന്നുള്ളവരാണെങ്കിലും വിശ്വാസമായിരിക്കണം അടിത്തറ. സഭ ആത്മീയ കാര്യങ്ങൾക്കൊപ്പം സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക കാഴ്ചപ്പാടുകളും വ്യക്തമാക്കിയിട്ടുണ്ട്. വിശ്വാസം സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സഭയുടെ മുഖമുദ്രയെന്നും അദ്ദേഹം പറഞ്ഞു. സിഎസ്എസ് വൈസ് ചെയർമാൻ ഗ്ലാഡിൻ ജെ.പനക്കൽ അധ്യക്ഷനായിരുന്നു. എംഎൽഎമാരായ ഡൊമിനിക് പ്രസന്റേഷൻ, കെ.ബാബു, വി.കെ. ഇബ്രാഹിംകുഞ്ഞ്, കെആർഎൽസിസി ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ഫാ.പയസ് ആറാട്ടുകുളം, എഐസിസി അംഗം സിമി റോസ്ബെൽ ജോൺ, സിപ്പി പള്ളിപ്പുറം, സിഎസ്എസ് നേതാക്കളായ സി.എ. ക്ലീറ്റസ്, സേവ്യർ കാനപ്പിള്ളി, റോസ് മേരി വിൽസൺ എന്നിവർ പ്രസംഗിച്ചു. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ജേതാവായ സിപ്പി പള്ളിപ്പുറം, സമുദായ രത്നങ്ങളായ ആന്റണി കോന്നുള്ളി, കെ.പി. കാർലോസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. സിഎസ്എസ് ചെയർമാൻ പി.എ. ജോസഫ് സ്റ്റാൻലി സമ്മേളനത്തിന് നേതൃത്വം നൽകി.

## ദൈവവിളി പ്രോത്സാഹകർ ദൈവത്തിന്റെ സഹപ്രവർത്തകർ: മാർ ജോസഫ് പെരുന്തോട്ടം



ദൈവവിളി പ്രോത്സാഹനം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണെന്നും ദൈവവിളി പ്രോത്സാഹകർ ദൈവത്തിന്റെ സഹപ്രവർത്തകരാണെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. കേരള വൊക്കേഷൻ സർവീസ് സെന്ററിന്റെ റൂബി ജൂബിലി സമ്മേളനം ഭരണങ്ങാനത്ത് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ദൈവവിളി പ്രോത്സാഹന രംഗത്തുള്ളവരെ ഒന്നിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്ന കെസിബിസിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള വോക്കേഷൻ

സർവീസ് സെന്റർ. കേരളത്തിലെ 29 രൂപതകളും 275 സന്യാസിനീ സമൂഹങ്ങളും മുപ്പതോളം സന്യാസ സമൂഹങ്ങളും ഈ സെന്ററിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. റൂബി ജൂബിലി ആഘോഷത്തോടനുബന്ധിച്ച് മുന്നൂറിലധികം ദൈവവിളി പ്രോത്സാഹകർ രണ്ടു ദിവസമായി നടന്ന സമ്മേളനത്തിൽ പങ്കെടുത്തു. ആഘോഷ പരിപാടികളിൽ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, കേരള വൊക്കേഷൻ പ്രൊമോട്ടേഴ്സ് കോൺഫറൻസ് വൈസ് ചെയർമാൻ റവ. ഡോ. ഫ്രാൻസിസ് കൊടിയൻ എംസിബിഎസ്, ഫാ. ഡൊമീഷ്യൻ മാണിക്കത്താൻ സിഎംഐ, ഫാ. മരിയൻ ജോസ്, ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. ജോർജ് തൊട്ടിപ്പറമ്പിൽ എംഎസ്ടി തുടങ്ങിയവർ പങ്കെടുത്തു. ദൈവവിളി പ്രോത്സാഹന രംഗത്ത് നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് ഫാ. മാത്യു ചന്ദ്രൻകുന്നേൽ ക്ലാസെടുത്തു. പാലാ രൂപത ചാൻസിലർ ഫാ. ഡൊമിനിക് വെച്ചൂർ സന്ദേശം നൽകി. കെവിഎസ്സിയുടെ ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം സ്വാഗതം പറഞ്ഞു. സെക്രട്ടറിമാരായ സിസ്റ്റർ എമ്മ മേരി, സിസ്റ്റർ മേരി സേവ്യർ തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകി.

## പരിശുദ്ധ അമ്മയുടെ സന്ദേശം ഉൾക്കൊള്ളണം: മാർ റാഫേൽ തട്ടിൽ

---



പരിശുദ്ധ അമ്മയുടെ സന്ദേശത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിലധിഷ്ഠിതമായ ജീവിതമാണ് ഫാത്തിമാഭക്തർക്ക് ഉണ്ടാകേണ്ടതെന്ന് അതിരൂപതസഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ പറഞ്ഞു. പ്രസിദ്ധ മരിയൻ തീർഥാടന കേന്ദ്രമായ കൊട്ടേക്കാട് ഫാത്തിമനാഥയുടെ തിരുനാളിനോടനുബന്ധിച്ച് ഫാത്തിമായിൽ നിന്ന് കൊണ്ടുവന്ന തിരുശേഷിപ്പുകൾ കൊട്ടേക്കാട് പള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ അൾത്താരയിൽ പ്രതിഷ്ഠിച്ച് പ്രസംഗിക്കുകയായിരുന്നു ബിഷപ്. തിരുശേഷിപ്പുകൾ അതിരുപത വികാരി ജനറാൾ മോൺ. പോൾ പേരാമംഗലത്തിൽ നിന്ന് ഫൊറോന വികാരി ഫാ. ഫ്രാൻസിസ് മുട്ടത്ത് ഏറ്റുവാങ്ങി. ഫാത്തിമനാഥ കപ്പേളയ്ക്കു സമീപം മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ ഏറ്റുവാങ്ങി. പരിപാടികൾക്ക് ഫാ. ഫ്രാൻസിസ് മുട്ടത്ത്, ഫാ.ജിൻസൺ കരിപ്പായി, ഫാ. ലിൻസൻ ചിങ്ങിനിയാടൻ, ആന്റണി ആലപ്പാട്ട്, കെ.പി.ഡേവിസ്, പി.എ.ലോനപ്പൻ, പോൾസൻ ലൂവീസ്, സി.എൽ.ഇഗ്നേഷ്യസ്, അഡ്വ. പ്രവീൺ ചാണ്ടി തുടങ്ങിയവർ നേതൃത്വം നൽകി.

## കത്തോലിക്കാ സഭയോടും വൈദികരോടുമുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കണം: കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

---

നാലാഞ്ചിറ സെന്റ് മേരീസ് മേജർ സെമിനാരിയിലെ വൈദികർക്കും വിദ്യാർഥികൾക്കും വോട്ടു നിഷേധിച്ച നടപടി ജനാധിപത്യ ധ്വംസനമാണെന്ന് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതി ആരോപിച്ചു. കുറ്റക്കാർക്കെതിരേ നടപടി സ്വീകരിക്കാതെ വ്യാജ പ്രസ്താവന നടത്തി രക്ഷപ്പെടാൻ അവസരമൊരുക്കുന്നത് പ്രതിഷേധാർഹമാണ്. . കത്തോലിക്കാ സഭയോയും ക്രൈസ്തവ മിഷണറിമാരോടുമുള്ള അതിക്രമങ്ങളും പകപോക്കലും അവസാനിപ്പിക്കാൻ ബന്ധപ്പെട്ടവർ തയാറാകണമെന്ന് അതിഭദ്രാസന പ്രസിഡന്റ് സാലു പതാലിലും ജനറൽ സെക്രട്ടറി ജേക്കബ് കല്ലിൻമൂട്ടിലും ആവശ്യപ്പെട്ടു

JAGRATHA News

"Jagratha News" – An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA

******